# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 18

## വാർത്താക്കുറിപ്പ് 2

**ആദ്യ വാർത്താക്കുറിപ്പിലെ പരീക്ഷകൾ മാറ്റിയെന്ന വാർത്ത പിൻവലിക്കണമെന്ന് അഭ്യർഥിക്കുന്നു. മേയ് 27 മുതൽ നടത്താനിരുന്ന നാലാംസെമസ്റ്റർ ബിരുദപരീക്ഷകൾ മാത്രമാണ് മാറ്റിയത്. ദയവായി ഈ വാർത്ത ഉപയോഗിക്കുമല്ലോ.**

### മഹാത്മാഗാന്ധി സർവകലാശാല

### പരീക്ഷകൾക്ക് മാറ്റമില്ല

**മേയ് 27 മുതൽ നടത്താനിരുന്ന നാലാംസെമസ്റ്റർ ബിരുദപരീക്ഷകൾ മാറ്റി**

മഹാത്മാഗാന്ധി സർവകലാശാല മേയ് 26 മുതൽ നടത്താനിരിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്. ബിരുദ(റഗുലർ, പ്രൈവറ്റ്) പരീക്ഷകൾക്കും ജൂൺ മൂന്ന് മുതൽ നടത്താനിരിക്കുന്ന ബിരുദാനന്തരബിരുദ പരീക്ഷകൾക്കും ജൂൺ നാലുമുതൽ നടത്താനിരിക്കുന്ന അഞ്ചാംസെമസ്റ്റർ സി.ബി.സി.എസ്. പ്രൈവറ്റ് പരീക്ഷകൾക്കും മാറ്റമില്ലെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു. മേയ് 27 മുതൽ നടത്താനിരുന്ന നാലാംസെമസ്റ്റർ ബിരുദപരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/492/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 18

# വാർത്താക്കുറിപ്പ് 1

## പരീക്ഷ ഫലം

2019 ജൂലൈയിൽ നടന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫാർമസി (സ്പെഷൽ സപ്ലിമെന്ററി പഴയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അവസാന തീയതി പിന്നീട്.

(പി.ആർ.ഒ/39/491/2020)

## പെൻഷൻകാർക്ക് സംഭാവന നൽകാം

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് മഹാത്മാ ഗാന്ധി സർവകലാശാലയിലെ പെൻഷൻകാർക്ക് സംഭാവന നൽകാം. സമ്മതപത്രത്തിന്റെ മാതൃക സർവകലാശാല വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉദ്ദേശിക്കുന്ന സംഭാവനയുടെ വിശദാംശങ്ങൾ സഹിതം ada8@mgu.ac.in എന്ന ഇമെയിലിൽ മെയ് 22ന് മുമ്പായി അറിയിക്കണം.

(പി.ആർ.ഒ/39/493/2020)

## എം.ജി. സർവകലാശാല കാമ്പസിൽ
## പി.ജി. പ്രവേശനം; മേയ് 31 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ വിവിധ പഠനവകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലേയും പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് (ക്യാറ്റ് എം.ജി.യു. 2020) മേയ് 31 വരെ അപേക്ഷിക്കാം. വിവിധ വിഷയങ്ങളിൽ എം.എ., എം.എസ് സി., പ്രോഗ്രാമുകളിലേക്കും എൽ.എൽ.എം., എം.ബി.എ., എം.പിഇഎസ്., എം.എഡ്. പ്രോഗ്രാമുകളിലേക്കുമാണ് പ്രവേശനം. www.cat.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ നൽകാം. എം.ബി.എ. പ്രോഗ്രാമിലേക്ക് www.admission.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷിക്കേണ്ടത്. ജനറൽ വിഭാഗത്തിൽപ്പെട്ടവരിൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചപ്പോൾ ഇ.ബി.എഫ്.സി. സംവരണം ക്ലെയിം ചെയ്യാത്തവർക്ക് ഇ.ഡബ്ല്യു.എസ് സംവരണം ആവശ്യമുണ്ടെങ്കിൽ അർഹരായവർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇ.ഡബ്ല്യു.എസ്. സംവരണം ലഭിക്കുന്നതിനുള്ള ഓപ്ഷൻ ചേർത്ത് അപേക്ഷ അപ്ഡേറ്റ് ചെയ്യാം. ഇ.ബി.എഫ്.സി. സംവരണത്തിനുള്ള ഓപ്ഷൻ നൽകിയിട്ടുള്ളവർ അപേക്ഷയിൽ മാറ്റം വരുത്തേണ്ടതില്ല. വിശദവിവരം വെബ്സൈറ്റുകളിൽ ലഭിക്കും. ഫോൺ: 0481-2733595, ഇമെയിൽ: cat@mgu.ac.in. പ്രവേശന പരീക്ഷ തീയതിയടക്കമുള്ള പുതുക്കിയ സമയക്രമം cat.mgu.ac.in, admission.mgu.ac.in (എം.ബി.എ. സംബന്ധിച്ച്) എന്നീ വെബ്സൈറ്റിലൂടെ പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/494/2020)

REPETED NEWS

# ഡിഗ്രി സർട്ടിഫിക്കറ്റടക്കം ഏഴ് അപേക്ഷകൾ കൂടി ഓൺലൈനിലാക്കി എം.ജി. സർവകലാശാല

ഡിഗ്രി സർട്ടിഫിക്കറ്റ് അപേക്ഷയടക്കം മഹാത്മാഗാന്ധി സർവകലാശാലയുടെ ഏഴ് സേവനങ്ങൾ കൂടി ഓൺലൈനിലേക്ക്. ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്, പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ്, കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, സെമസ്റ്റർ ഗ്രേഡ് കാർഡ്, ഡിഗ്രി സർട്ടിഫിക്കറ്റിന്റെ ജനുവിനസ് വെരിഫിക്കേഷൻ, മാർക്ക് ലിസ്റ്റിന്റെ ജനുവിനസ് വെരിഫിക്കേഷൻ, ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക് ലിസ്റ്റ് എന്നിവയ്ക്കുള്ള അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുന്നതെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

ഇന്ന (മേയ് 18) മുതൽ വിദ്യാർഥികൾക്ക് സേവനം ലഭ്യമാകും. www.mgu.ac.in എന്ന സർവകലാശാല വെബ്സൈറ്റിലെ ഓൺലൈൻ ആപ്ലിക്കേഷൻ (application.mgu.ac.in) എന്ന ലിങ്കിലൂടെ വിദ്യാർഥികൾക്ക് അപേക്ഷ സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കുമ്പോൾ രജിസ്റ്റർ ചെയ്യുന്ന ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്ന അപേക്ഷ നമ്പർ, അപേക്ഷയിൽ നടപടികൾ ആരംഭിക്കുമ്പോൾ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ലഭിക്കുന്ന റഫറൻസ് നമ്പർ എന്നിവ പിന്നീടുള്ള അന്വേഷണങ്ങൾക്കായി വിദ്യാർഥികൾ സൂക്ഷിക്കേണ്ടതാണ്.

ഇക്വലൻസി-എലിജിബിലിറ്റി, മൈഗ്രേഷൻ, കോഴ്സ് സർട്ടിഫിക്കറ്റുകൾ, ഇന്റർ കോളജ് ട്രാൻസ്ഫർ, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ, റീ- അഡ്മിഷൻ, കണ്ടോണേഷൻ എന്നിവയും ഉത്തരക്കടലാസ് പുനർമൂല്യനിർണയം, സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള അപേക്ഷകളും ഓൺലൈനാക്കിയിരുന്നു. സർവകലാശാലയിലെത്താതെ തന്നെ വീട്ടിലിരുന്നു പോലും വിദ്യാർഥികൾക്ക് ഓൺലൈനായി അപേക്ഷ നൽകാം. ഏറ്റവുമധികം അപേക്ഷകൾ ലഭിക്കുന്ന ഏഴ് സേവനങ്ങളാണ് ഓൺലൈനിലാക്കിയിരിക്കുന്നത്.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ